# എൻ എസ് എസ് എച്ച് എസ് എസ് വെച്ചൂർ



# ആശംസകൾ

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ "കൈയ്യൊപ്പ്"
എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും
നേരുന്നു.

BY :

Head mistress
Sree vidya .S

*Kayyoppu*

February 17, 2024

**Editor's Desk!**

With profound delight and a deep sense of purpose, we unveil the newest edition of our esteemed digital school magazine, "Kayyoppu."
This iteration, meticulously crafted by the dedicated hands of our student body, represents aculmination of creativity, collaboration, and intellectual exploration.

Within its virtual pages, you will encounter a vibrant tapestry of voices, woven together by the threadsof shared school spirit and individual expression.

We invite you, with open minds and eager hearts, to embark on a journey through the pages of"Kayyoppu." As you navigate its diverse offerings, may you be inspired by the talent and dedication ofyour peers, challenged by their insightful perspectives, and ultimately, united by the shared spirit that binds us together.

Lots of love,

Editor

# കൃഷിക്കാരനായ രാജു

ഒരിടത്ത് ഒരു കൃഷിക്കാരൻ ഉണ്ടായിരുന്നു. രാജു എന്നായിരുന്നു അയാളുടെ പേര്.കൃഷിചെയ്തു കിട്ടുന്ന പണംകൊണ്ടാണ് രാജു കഴിഞ്ഞത്. രാജുവിന്റെ കുടുംബം എന്ന് പറയുന്നത്. രണ്ടുപെൺമക്കളും ഭാര്യയും കൂടിയതായിരുന്നു. രാജുവിന് ഒരു ജീപ്പ് ഉണ്ടായിരുന്നു. ക്രിഷിചെയ്തു കിട്ടുന്നസാധനങ്ങൾ ചന്തയിൽ കൊണ്ടുപോയിരുന്നത് ജീപ്പിൽ ആയിരുന്നു. കൃഷിപ്പണികളിൽ രാജീവിന്റെ രണ്ട് പെൺമക്കളും അവനെ സഹായിക്കുമായിരുന്നു. വിളവെടുത്ത പച്ചക്കറികൾ ജീപ്പിൽ എടുത്തു വയ്ക്കാനും‌പച്ചക്കറികൾ തിരഞ്ഞെടുക്കാനും കൂടിയിരുന്നു. രാജുവിന്റെ വീട്ടിൽ നിന്ന് ചന്ദ്രയിലേക്ക് പോകാനുംസത്യത്തിലെ ഒരു പാത മാത്രമേ ഉണ്ടായിരുന്നുള്ളൂ അതുകൊണ്ട് രാജുവിന് കാടിനെ പറ്റിയുംകാട്ടുമൃഗങ്ങളെപ്പറ്റിയും നന്നായി അറിയാമായിരുന്നു. ഒരു ദിവസം രാജു ചന്തയിൽ പോയി വരുന്ന വഴിയിൽഒരു ആന രാജുവിന്റെ ജീപ്പിനു മുന്നിൽ വന്ന ചിഹ്നം വിളിച്ചു രാജുവിന്തോന്നിഅവൻഎന്തോസഹായത്തിന്വിളിക്കുന്നതാണെന്ന് രാജു ഉടനെജീപ്പിൽ നിന്ന് ഇറങ്ങി ആനയുടെ പിന്നാലെ പോയി. അപ്പോഴാണ്രാജുവിന് കാര്യം മനസ്സിലായത് വേട്ടക്കാർക്ക് ഒഴിച്ച കുഴിയിൽ അതിന്റെ കുഞ്ഞ് വീണു കിടക്കുന്നു എന്റെ
അമ്മ നിൽക്കുന്നുണ്ടായിരുന്നു അങ്ങനെ കുഴിയിൽ നിന്നും കുട്ടിയാനയെ പുറത്തെടുക്കും രാജുവിനോടുള്ളനന്ദി എന്നപോലെ രാജുവിന്റെ മുന്നിൽ വന്ന ചിഹ്നം വിളിച്ച കുട്ടിയാനയുമായി ഉദ്ഘാടനം രാജുവിന്റെ കണ്ണുംമനസ്സും നിറഞ്ഞു തിരികെ വീട്ടിലേക്ക് മടങ്ങി

BY: Jayalaksmy K.J

# മല്ലികയുടെ ജീവിതം

ഉദയപൂർ എന്ന ഗ്രാമത്തിൽ ഒരു കുടുംബം. അമ്മ, അച്ഛൻ, മകൾ, അടങ്ങുന്ന ഒരു ചെറിയ കുടുംബം ആയിരുന്നുഅത്. പേര് രാജു. അമ്മയുടെ പേര് ഗംഗ. അവളുടെ മകളാണ് മല്ലിക.
അവൾ നന്നായി പഠിക്കുമായിരുന്നു.
ആ ഗ്രാമത്തിൽ എല്ലാവർക്കും ഇഷ്ടമായിരുന്നു.
ഈ മല്ലികയെ അവയെ പഠിച്ച് വലിയൊരു ഡോക്ടറാകണംഎന്നായിരുന്നു അവരുടെ ആഗ്രഹം.
ഡോക്ടർ ആക്കാനുള്ള പണം ഒന്നും രാജുവിൻ ഉണ്ടായിരുന്നില്ല.
പഞ്ചായത്തിലെ വലിയ ഉദ്യോഗസ്ഥൻ ആയിരുന്നു മാധവ്. മല്ലിക ഇവിടെ പഠനകാര്യങ്ങളെല്ലാം നോക്കി നടന്നു വന്നിരുന്നത് മാതാവായിരുന്നു. മാധവിന് മല്ലിക മകളെ പോലെയാണ്. മാതാവ് ജോലി കാര്യത്തിനായിആണ് ഉദയപൂർ ഗ്രാമത്തിലേക്ക് വന്നത്. രണ്ടു മക്കളാണ് മൂത്ത മകൻ പോലീസ് ഉദ്യോഗസ്ഥനാണ്.രണ്ടാമത്തെ മകനും പോലീസ് ഉദ്യോഗസ്ഥൻ ആകണമെന്നാണ് ആഗ്രഹം. അവൻ പി.സ്.സി എഴുതിനിൽക്കുകയാണ്. അവന്റെ പേര് വിഷ്ണു. പത്താംക്ലാസിൽ മുഴുവൻ എ പ്ലസ് ഉണ്ടായിരുന്നു. സാറിന് ഭക്ഷണംഉണ്ടാക്കി കൊടുക്കുന്നത് ഗംഗയാണ്. ഹോട്ടൽ ഭക്ഷണം കേടാണെന്നാണ് മാതാവിന്റെ പക്ഷം. സാറിന്ഭക്ഷണം ഉണ്ടാക്കുന്നത് ഗംഗക്ക് ഒരു ബുദ്ധിമുട്ടുമില്ല. കാരണം മകളുടെ പഠന കാര്യം നോക്കുന്നതിനാൽ
രാജിവിനോട് വലിയ കടപ്പാടുണ്ട്. രാജുവിന്റെ മകൻ വീട്ടിൽ വെറുതെ നിൽക്കുന്നതിനാൽ അച്ഛന്റെ ഉദയപൂർവ്വം ഗ്രാമത്തിൽ വന്നു നിന്നു. ഒരു നോട്ടത്തിൽ വിഷ്ണുവിന് മല്ലികയെ ഇഷ്ടപ്പെട്ടു മല്ലികയ്ക്കും. പക്ഷേ മാതൃക അതൊന്നും പ്രകടിപ്പിച്ചില്ല ഗംഗ വിഷ്ണുവിനെയും ഭക്ഷണമുണ്ടാക്കാൻ തുടങ്ങി ഗംഗ പറഞ്ഞതിനാൽ മല്ലിക ഭക്ഷണം കൊടുക്കാൻ മാധവന്റെ വീട്ടിൽ പോയി. അവിടെവച്ച് മല്ലികയോടുള്ള ഇഷ്ടം പറഞ്ഞു അവൾ ഒന്നും മിണ്ടാതെ തിരിച്ചുപോയി ഇതെല്ലാം മാധവ് കാണുന്നുണ്ടായിരുന്നു മാധവിന്റെ മുഖത്ത് ഒരു വെറും ചെറുപുഞ്ചിരി വന്നു. ഇന്ന് മല്ലികയുടെ പ്ലസ് ടു റിസൾട്ട് വരുന്ന ദിവസമാണ്. എല്ലാവരും രാജുവിന്റെ വീട്ടിൽ കൂടി.റിസൾട്ട് വന്നു അവൾ മുഴുവൻ മാർക്ക് ഉണ്ട് എല്ലാവർക്കും സന്തോഷമായി വിഷ്ണുവിനോട് മല്ലിക പറഞ്ഞു
നിന്റെ ഇഷ്ടം അല്ലാഞ്ഞിട്ടല്ല ഞാൻ ഒരു ദാരിദ്ര്യ കുടുംബത്തിലെയാണെന്ന് വിഷ്ണു അതൊന്നും കാര്യമാക്കിയില്ല പഞ്ചായത്ത് മെമ്പറിന് മല്ലികയെഇഷ്ടമാണ് .മല്ലികയുടെ പ്ലസ് ടു വിജയമറിഞ്ഞ് മെമ്പർ വന്നു വീട്ടുകാരുടെ മുന്നിൽവെച്ച് മല്ലികയെ കല്യാണം കഴിക്കണമെന്നാവശ്യത്തോടെ പറഞ്ഞു. ഇതിനെ മല്ലികയും കുടുംബവും എതിർത്തു ഇവരെ വെല്ലുവിളിച്ച് മെമ്പർ തിരിച്ചുപോയി ഒരു ദിവസം മല്ലിക വീട്ടിൽ ഒറ്റയ്ക്കായിരുന്നപ്പോൾ മെമ്പർ വീട്ടിൽ വന്ന് അവളെ ഉപദ്രവിക്കുക ഉപദ്രവിക്കുന്നത് കണ്ടു ഇത് കണ്ട് വന്ന വിഷ്ണു മെമ്പറിനെ അടിച്ചുകൊന്നു. ഇതേസമയം വീട്ടിലേക്ക് വന്ന മാധവൻ തന്റെ മകൻ കൊലയായി ആയതിനാൽ കരഞ്ഞു. മകന് താൻ ആഗ്രഹിച്ച ജോലി കിട്ടും എന്ന സന്തോഷവാർത്ത പറയാൻ വന്നതാണ് മാധവൻ വിഷ്ണുവിന് ഉൾക്കൊള്ളാൻ കഴിയാതെ കഴിഞ്ഞില്ല .കേസ് കോടതിയിൽ എത്തിയാൽ മല്ലിക തന്റെ ഭാവി മറന്ന് താനാണ് മെമ്പറിനെ കൊന്നതെന്ന് പറഞ്ഞു. രാജു സഹായിക്കാൻ കഴിയാതെ ആത്മഹത്യ ചെയ്തു. ഗംഗ മാനസിക രോഗിയായി നീണ്ട വർഷ ജയിൽ വാസം കഴിഞ്ഞിറങ്ങിയ മല്ലിക ആത്മഹത്യയ്ക്ക് ശ്രമിച്ചു ഇത് മാധവ് കണ്ട് അവളെ രക്ഷപ്പെടുത്തുകയും മാധവിന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ട് പോവുകയും വിഷ്ണുവിനോട് മല്ലികയെ കല്യാണം കഴിക്കാൻ പറയുകയും വിഷ്ണു അതിന് തയ്യാറാ തയ്യാറല്ലായിരുന്നു. അവന് വേറെ ഒരാളെഇഷ്ടമായിരുന്നു മല്ലികയെ പണം കൊടുത്ത് ഒഴിവാക്കാൻ വിഷ്ണുക്ഷേമിച്ചു മല്ലികയ്ക്ക് ഇത് ഉൾക്കൊള്ളാൻകഴിഞ്ഞില്ല ഒരുപാട് ദൂരം നടന്നു മല്ലികയുടെ ജീവിതം ഇനിയും ബാക്കി.

BY: Athulya M.R

# സമൂഹം കർഷകന് കൊടുക്കുന്ന വില

ഒരിടത്ത് രാമൻ എന്നൊരു കർഷകൻ ഉണ്ടായിരുന്നു. അയാൾ സത്യസന്ധനും നല്ലവനും ആയിരുന്നു. മകളുംഭാര്യയും അടങ്ങിയ ഒരു മൂന്നക്ക കുടുംബം ആയിരുന്നു അവന്റേത് അവന്റെ മകളുടെ പേര് നിത്യ എന്നായിരുന്നുരാമൻ ഓമനത്തോടെ അവളെ പൊന്നു എന്ന് വിളിക്കുന്നു അവർ ഇണക്കത്തോടെയും പിണക്കത്തോടെയുംആണ് ജീവിച്ചിരുന്നത് ഒരു ദിവസം രാമൻ പാടത്ത് പോയപ്പോൾ കാട്ടുപന്നികൾ പാടം മുഴുവനായിനശിപ്പിച്ചിരിക്കുന്നു രാമന് വളരെയധികം സങ്കടമായി രാമൻ ഈ കാര്യം കൃഷി വകുപ്പ് ഓഫീസറെ അറിയിച്ചു

പക്ഷേ അവർ ഒരു നടപടികളും എടുത്തില്ല എങ്കിലും കുറെ നാളുകളായി പന്നി ശല്യം ഇല്ലായിരുന്നു പക്ഷേകുറച്ചുനാളുകൾക്കു ശേഷം രാമൻ പാടത്ത് പോയപ്പോൾ വീണ്ടും കൃഷികൾ നശിച്ചു കിടക്കുന്നതാണ് കണ്ടത്പിന്നെയും തൃശൂർ വകുപ്പ് ഓഫീസറെ വിവരം അറിയിച്ചു എന്തെങ്കിലും നടപടി സ്വീകരിക്കണമെന്ന് അറിയിച്ചു

അവർ ഒരു നടപടിയും സ്വീകരിക്കാതെ അവന്റെ അപേക്ഷ തള്ളിക്കളഞ്ഞു.തനിക്ക് കൃഷി അല്ലാതെ വേറൊരുജോലിയും അറിയില്ല കൃഷി മാത്രമാണ് അറിയാവുന്നത് കൃഷിയാണ് തന്റെ ഉപജീവനമാർഗ്ഗം മാർഗ്ഗം ഇനിതാൻ എങ്ങനെ കുടുംബം പോറ്റും രാമൻ ആലോചിച്ചു എത്തും പിടിയും കിട്ടുന്നില്ല കിടന്നിട്ട് ഉറങ്ങാൻകഴിഞ്ഞതുമില്ല താൻ ഭാര്യയെയും കുഞ്ഞുങ്ങളെയും എങ്ങനെ എങ്ങനെ തീറ്റ പോറ്റും രാമൻ ചിന്തിച്ചു ഇനിതാൻ ജീവിച്ചിരുന്നിട്ട് ഒരു കാര്യവുമില്ല പെട്ടെന്ന് ഉണ്ടായ സങ്കടത്തിൽ അവൻ തന്റെ ജീവിതംഅവസാനിപ്പിക്കാൻ തീരുമാനിച്ചു അങ്ങനെ ഭാര്യയും മകളും ഉറങ്ങിക്കിടന്നിരുന്ന സമയത്ത് അവൻ ഒരുകഷണം കയറിതന്റെ ജീവിതം അവസാനിപ്പിച്ചു പിറ്റേദിവസം ഭാര്യയും മകളും എഴുന്നേറ്റ് നോക്കിയപ്പോൾരാമൻ ഒരുതുണ്ട് കയറിൽ തൂങ്ങി നിൽക്കുന്നതാണ് കണ്ടത് അങ്ങനെ രാമൻ എന്ന കർഷകന്റെ ജീവൻഒരുതുണ്ട് കയറി തീർന്നു ഇതാണ് സമൂഹം ഒരു കൃഷിക്കാരന് കൊടുക്കുന്ന വില

ആശാ ധനേഷ്


# കുട്ടിക്കഥ

എല്ലാദിവസവും മനു കൂട്ടുകാരോടൊപ്പം ആണ് എന്നും സ്കൂളിൽ പോകാറുള്ളത് എല്ലാവിഷയങ്ങൾക്കും നല്ല മാർക്ക് വാങ്ങുന്ന കുട്ടി മനുവിന്റെ കൂട്ടുകാരനാണ് എന്നാ പരീക്ഷിക്കും എല്ലാവിഷയങ്ങൾക്കും അവനാണ് ഫസ്റ്റ് എല്ലാ കുട്ടികളും എല്ലാ പരീക്ഷയിലും എല്ലാ വിഷയങ്ങൾക്കുംജയിക്കാറുണ്ട്. അതുകൊണ്ട് എല്ലാ കുട്ടികൾക്കും സമ്മാനങ്ങൾ കിട്ടാറുണ്ട് എനിക്ക് മാത്രം ഇതുവരെസമ്മാനം ഒന്നും കിട്ടിയിട്ടില്ല.  എല്ലാ പരീക്ഷയിലും ഞാൻ മാത്രം തോൽക്കും. ഇന്ന് ടീച്ചർ എന്നോട്പറഞ്ഞത് എനിക്ക് മനസ്സിലായി.ഞാൻപരീക്ഷയ്ക്ക്തോൽക്കുമ്പഅച്ഛനുംഅമ്മയ്ക്കുംസങ്കടമാകുംഅതെനിക്കറിയാം.ഇനി ഞാൻ നന്നായിട്ട്പഠിക്കും.

ഇനി നടക്കുന്ന പരീക്ഷയിൽ ഞാൻ നല്ല മാർക്ക്വാങ്ങും, ഞാൻ തീരുമാനിച്ചു. പരീക്ഷിക്കാൻ ഞാൻ നന്നായിട്ട് ശ്രമിച്ചു. നന്നായി പരീക്ഷയെഴുതാൻ എനിക്ക് സാധിച്ചു .എനിക്ക് നല്ല മാർക്ക് കിട്ടി. ടീച്ചർ എനിക്ക് സമ്മാനംതന്നനു. ഞാൻ ചെന്ന്അമ്മയോടും അച്ഛനോടും പറഞ്ഞു പിറ്റേദിവസം ഞാൻ സ്കൂളിൽ പോയിട്ട് വരുമ്പോൾ അച്ഛനുംഅമ്മയും എനിക്ക് ഒരു സൈക്കിൾ വാങ്ങി തന്നു, അപ്പോൾ എനിക്ക് വളരെയധികം സന്തോഷമായി.

**കഥയുടെ ഗുണപാഠം" ശ്രമിച്ചാൽ ഏത് കാര്യവും നടക്കും'.**

by: Harikrishanan o.s
std: 5



# സ്നേഹം

നമ്മക്കും വളരെ കാലങ്ങൾക്കിടയിൽ ഒരു ഉണ്ണി പിറന്നു. അവർക്ക് വളരെ സന്തോഷമായി. അവന്  അഞ്ചുവയസ്സ് തികഞ്ഞപ്പോൾ ചില പ്രശ്നങ്ങൾ കുടുംബജീവിതത്തിൽ സംഭവിക്കാൻ തുടങ്ങിയത് അച്ഛന്റെ കയ്യും കാലുംഒരു വശം തളർന്നു പോയി പിന്നീട് അവരുടെ കുടുംബം കൊണ്ട് പോകാൻ വേണ്ടി അമ്മ വിട്ടുവേല ചെയ്യാൻവന്നു. അപ്പോൾ അച്ഛന്റെ ചികിത്സയ്ക്ക് വളരെ പണം വേണ്ടിവന്നു . അപ്പോൾ അവിടെ ഒരു സന്യാസി വന്നു.നിങ്ങളുടെ പാത്രം നിങ്ങളുടെ പുത്രന്റെ ജന്മനാ സമയത്തിന്റെ കുഴപ്പം കൊണ്ടാണ് ഇങ്ങനെയെല്ലാംസംഭവിക്കുന്നത് എന്ന് പറഞ്ഞു. അവൻ ഈ വീട്ടിൽ നിന്നാൽ ഇനി അച്ഛന്റെ മരണം വരെ സംഭവിക്കും എന്ന്പറഞ്ഞു സന്യാസി പോയി പിന്നീട് അമ്മ അവനെ ശകാരിക്കുവാൻ തുടങ്ങി . "ശാപം കിട്ടിയവനെ" നീ ജനിച്ചത്കൊണ്ടാണ് എന്റെ ജീവിതം നശിച്ചത് ഇറങ്ങിപ്പോടാ... ഈ വീട്ടിൽ നിന്ന് അല്ലെങ്കിൽ ഞാൻ ഇനിവിധവയാകും അതുകൂടി നീ കാണും എന്ന് പറഞ്ഞു. ഇത് കേട്ട് സങ്കടത്തോടെ ആ മകൻ വീട് വിട്ടുപോയികുറേ ദൂരം ചെന്നപ്പോൾ രാത്രിയായി അവനെ ഇരുട്ട് പേടിയായി തുടങ്ങി അപ്പോൾ തെരുവിൽ ദിശ എടുക്കുന്നഒരാളെ കണ്ടു അയാൾ ചോദിച്ചു. മകനെ നീ രാത്രിയിൽ എവിടെ പോവുക പോകുന്നു അവന്റെ നിഷ്കളങ്കമായമുഖം കണ്ടിട്ട് അങ്ങനെ ആ കുട്ടിയെയും കുട്ടിയുമായി അയാൾ വീട്ടിൽ ചെന്നു. അയാളുടെ ഭാര്യ ചോദിച്ചു ഇത്ഏതാണ് ഈ കുട്ടി എനിക്ക് വഴിയിൽ നിന്ന് കിട്ടിയതാ ഇവൻ ഇനി നമ്മുടെ മകനായി ഈ വീട്ടിൽ വളരുംഅവനെ പ്രദേശത്തെ സ്കൂളിൽ ഒന്നും കാശ് ചേർത്തു അവൻ മിടുക്കനായി പഠിക്കുമായിരുന്നു. അവർക്ക്

മകനെയും മകനില്ല തീരുന്നതുകൊണ്ട് അവനെ സ്വന്തം മകനായി വളരെ സ്നേഹത്തോടെയാണ് വളർത്തിയത്അവൻ വളർന്ന് വലിയൊരു എൻജിനീയർ ആയി. അപ്പോൾ ഷോക്ക് അവന്റെ അച്ഛനുമമ്മയും പെൺമക്കളുംജനിച്ചു അച്ഛന്റെ തളർച്ച മാറി അവർ വളരെ സ്നേഹത്തോടെ ജീവിക്കുകയായിരുന്നു അവൻ അവരെ ദൂരെ നിന്ന്കാണുവാൻ ചെല്ലുമായിരുന്നു .അവർക്ക് എന്നെ കാണാൻ സന്തോഷത്തോടെ അവരുടെ മറ്റു മക്കളുമായിജീവിക്കുന്നത് കണ്ട് വളരെ സങ്കടമായി അവനെ വിവാഹപ്രായമായപ്പോൾ ഒരു പാവപ്പെട്ട വീട്ടിലെപെൺകുട്ടിയെ കൊണ്ട് വിവാഹം കഴിപ്പിച്ചു .പിന്നീട് അവനെ കുഞ്ഞുങ്ങൾ ജനിച്ചു കുടുംബംസന്തോഷത്തോടെ ജീവിച്ചു .മക്കൾക്ക് തിരിച്ചറിവായപ്പോൾ മക്കളോട് അച്ഛന്റെ കഥകൾ പറഞ്ഞുകൊടുത്തു.

ജീവിതത്തിൽ ഏതു പ്രശ്നങ്ങൾ വന്നാലും മക്കളെ ഉപേക്ഷിക്കരുത് കുഞ്ഞുങ്ങൾ ദൈവത്തിന്റെ വരമാണ്.

KRISHNA NANDANA K P
std 10

# എൻെറ കൊറോണക്കാല അനുഭവം

2018ലെ കാലം ഒരു കൊറോണ കാലമായിരുന്നു.ആരും.പുറത്തിറങ്ങാതെ ഇരുന്നസമയം. അങ്ങനെഎന്റെഅച്ഛന്പണിയൊന്നുമില്ലാതായി. അച്ഛന്റെ കയ്യിൽ ഉണ്ടായ പൈസ കൊണ്ടാണ്ഞാൻ ജീവിച്ചിരുന്നത് റേഷൻ കട ഉണ്ടായിരുന്നതുകൊണ്ട് അരിക്ക് പഞ്ഞമുണ്ടായില്ല എന്നാൽ കുറെ നാൾ കഴിഞ്ഞപ്പോൾ കൊറോണയോടുള്ള പേടി കുറഞ്ഞുവന്നു അങ്ങനെ ഒരു സായാഹ്നത്തിൽ ഞാനും എന്റെഅച്ഛനും അമ്മയും ചേച്ചിയും കൂടിപുറത്തിറങ്ങി നടക്കാൻ തീരുമാനിച്ചു അങ്ങനെ ഞങ്ങൾ നാലുപേരും കൂടിനടന്നു പോകുന്ന വഴിക്ക് ഒരു അമ്മൂമ്മയും കണ്ടു നടന്നു പോകുന്ന വഴിക്ക് പെട്ടെന്ന് അവിടെ വീഴുന്നത് കണ്ടതലകറങ്ങി വീണതായിരുന്നു ഞങ്ങൾ വേഗം ആ അമ്മൂമ്മയെ വീട്ടിൽ കൊണ്ടുപോയി ആക്കി പിന്നീട് ഒരു ദിവസം കഴിഞ്ഞാണ് ഞങ്ങൾ അറിഞ്ഞത് ആ അമ്മയ്ക്ക് കൊറോണയായി ഐസിയുവിൽ അഡ്മിറ്റ് ആണെന്ന്.ഞങ്ങൾക്ക് ആകെ പേടിയായി .ടെസ്റ്റ്നടത്തി നെഗറ്റീവ് ആണെന്നറിഞ്ഞപ്പോൾ സന്തോഷമായി അമ്മുമ്മയെരക്ഷിക്കാൻ സാധിച്ചു എന്നുള്ള സമാധാനവും ഞങ്ങൾക്കുണ്ടായി. സന്തോഷത്തോടുകൂടി ആ അമ്മയ്ക്ക് വേണ്ടി പ്രാർത്ഥിച്ചു.

ആര്യനന്ദന കെ. പി

std : 8

# ലഹരിയുടെ അടിമ

## കവിത

വിഷ മരുന്നിന് അടിമയായവൻ
അമ്മയെയും കുഞ്ഞനിയത്തിയെയും
ശാസിക്കുന്നവൻ
നാട്ടുകാരുടെ തല്ല് ചോദിച്ചു
വാങ്ങുന്നവൻ
പോലീസ് സ്റ്റേഷനിൽ
കയറുന്നവൻ
ഡി അഡിക്ഷൻ സെന്ററിൽ
കിടന്നവൻ
പിന്നെയും വിഷമരുന്ന്
അടിമയാകാതെ
ഈ സമൂഹത്തിന്
നേരെയാക്കുവാൻ കഴിയുമോ?

അനഘ കെ സുജിത്ത്

std 7

# താതൻ

ആഴിപോൽ ആഴ്ന്ന നിൻ
സ്നേഹമെനിക്കേകിലും
ചില നേരമെനിക്കിപ്പോഴും
ആ ആഴങ്ങൾ മതിവരാത്തപോലെ
ജീവിതച്ചൂടിൽ ഉരുകുമ്പോൾ
സ്നേഹത്തിൻ വൻമരമായ്
തണലെനിക്കേകിലും
ചില നേരമെനിക്കിപ്പോഴും
ആ തണൽ മതിവരാത്തപോലെ
ഇരുളിൽ ദിക്കറിയാതുഴറുമ്പോഴും
സ്നേഹത്തിൻ നിലാവായ്
വെളിച്ചമെനിക്കേകിലും
ചില നേരമെനിക്കിപ്പോഴും
ആ വെളിച്ചം മതിവരാത്തപോലെ
കാലം കടക്കിലും
ഇണയായ് തുണയായ് കൂട്ടായ്
നീ എനിക്കാളെ ഏകിലും
ചില നേരമെനിക്കിപ്പോഴും
ആ സ്നേഹം മതിവരാത്തപോലെ...

സ്വാതി രാജു

NSS HSS ,വെച്ചൂർ


vigha Joshy


Aryanandhana k.p. StD: VIII




Joshy STD: 8th

# നാളെ

ഭൂമി ചുവകുന്നു, തീ ചൂള നീറുന്നു
കടലിന്റെ നെഞ്ചിൽ വിഷപ്പനീർ പൊങ്ങുന്നു.
മഞ്ഞിന്റെ മേലാട എങ്ങുമെ നീങ്ങുന്നു,
നാളെയെ നാം തന്നെ വെട്ടി മുറിക്കുന്നു.
കാറ്റിന്റെ നിശ്വാസം ആക്രോശമാകുന്നു,
പുഴകളോ വിങ്ങുന്നു, വേരുകൾ ചുളുക്കുന്നു,
മണ്ണിന്റെ മടിയിൽ മരങ്ങൾ നിശബ്ദമായ്
കാടിൻ്റെ പാട്ടുകൾ മൗനമായ് മാഞ്ഞുപോയി,.
മണമില്ല രുചിയില്ല മരണമാകും കാല വൃക്ഷം
തൻ തണലിൽ ഇരിക്കുവാൻ വെമ്പലോ മർത്യന്.
മറിയുന്ന താളുക്കൾക്കിടയിൽ ഒരിത്തിരി കരുതൽ
മറക്കാതെ ഇനിയും മറിക്കുവാൻ.

നിഖിൽ നായർ.
NSS HSS VECHOOR

# GRATITUDE

Fromthe editor's desk, we extend our deepest heartfelt gratitude to everyone who has woven their magic in to the pages of 'kayyoppu'. your contribution have been invaluable, and we are filled with an immense sense of appreciation that transcends mere words.

We are especially grateful to our esteemed principal, the dedicated management team, the valuable members of the editorial board, and the talented students and teachers who have poured their hearts and souls into this project.

your unwavering support and tereless efforts are what have truly brought these hese pages to life. We are incredibly humbled by your commitment,and we pray that God's blessings continue to shine upon us all.

May the journey of ''Kayyoppu''continue to be marked by remarkable success in the years to come. Together we have achieved something truly special,and we look forward to the future with excitement and gratitude.

